06.01.2025

# KGBEU OU ബുള്ളറ്റിൻ 01/2025

സഖാക്കളെ,

## വിഷയം: വിവിധ വിഷയങ്ങളിലെ സംഘടനാ ഇടപെടലുകൾ

1. IT സംബന്ധിച്ച ഭീകരമായ പ്രശ്നം കഴിഞ്ഞ കുറച്ചു നാളുകളായി നമ്മുടെ ശാഖകളിൽ അനുഭവപ്പെട്ടു വരികയാണ്. ഇതിനെതുടർന്ന് സംഘടന വളരെ ശക്തമായ പ്രതിഷേധം അറിയിക്കുകയും ഇടപെടുകയും ചെയ്തിരുന്നു. അതിൻറെ ഭാഗമായി ചെയർപേഴ്സൺ ഇന്ന് പ്രോജക്ട് ഓഫീസിൽ സന്ദർശനം നടത്തി. അതോടൊപ്പം നാളെ Apex കമ്മിറ്റിയും ചേരാൻ തീരുമാനിച്ചിട്ടുണ്ട്. കനറാ ബാങ്ക് IT വിംഗ്, DBS വിംഗ്, RRB ഡിവിഷൻ എന്നിവ യുടെ ജനറൽ മാനേജർമാരും നമ്മുടെ ചെയർപേഴ്സൺ, കർണാടക ഗ്രാമീൺ ബാങ്ക് ചെയർപേഴ്സൺ എന്നിവർ ഉൾപ്പെട്ടതാണ് ഈ കമ്മിറ്റി.

2. BPS/ Joint note ദുർവ്യാഖ്യാനിച്ച് HRMS ൽ ഹാൾട്ടിങ് അലവൻവൻസുമായി ബന്ധപ്പെട്ട് കൊണ്ടുവന്ന തെറ്റായ തീരുമാനം തിരുത്തി HRMS update ചെയ്തു.

3. നേരത്തെ PF ൽ ഉണ്ടായിരുന്ന താൽക്കാലിക ജീവനക്കാർ പിരിഞ്ഞു പോയിട്ടും PF തുക പിൻവലിക്കാൻ സാധിക്കാത്ത ആളുകൾ ഉണ്ട്. EPFO യുടെ establishment freeze ചെയ്തതാണ് കാരണം. അത് unfreeze ചെയ്യാൻ നിർദേശം കൊടുക്കണമെന്ന് സംഘടന മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് മാനേജ്മെന്റ് EPFO യ്ക്ക് ഈ കാര്യത്തിനായി request അയച്ചു. എന്നാൽ ഇതുവരെ unfreeze ചെയ്തിട്ടില്ല. PF സംബന്ധിച്ച വേറെയും കുറച്ച് issues ഉണ്ട്. ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് കോഴി ക്കോട് റീജിയണൽ PF കമ്മീഷണറുടെ appointment മാനേജ്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

4. DBS/ IT വിംഗ്/ പ്രോജക്ട് ഓഫീസ് പോലുള്ള സ്ഥലങ്ങളിലും, കൂടുതൽ expert ട്രെയിനിംഗ് വേ മറ്റിടങ്ങളിലും ജനറൽ ട്രാൻസ്ഫറിനു മുന്നോടിയായിത്തന്നെ ജീവനക്കാരെ പോസ്റ്റ് ചെയ്യണം എന്ന് ആവശ്യപ്പെട്ടു. ആവശ്യം ന്യായമാണെന്ന് മാനേജ്മെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.

5. പെൻഷൻ വാങ്ങുന്നതിനു മുന്നേ 2019 ൽ മരണപ്പെട്ട റിട്ടയർ ചെയ്ത ഒരു ജീവനക്കാരന്റെ

കുടുംബത്തിന് family പെൻഷൻ ലഭ്യമായിരുന്നു. എന്നാൽ 201819 കാലയളവിലെ പെൻഷൻ അരിയർ ലഭിച്ചിരുന്നില്ല. അത് സംഘടനയുടെ ശ്രദ്ധയിൽ ആരും പെടുത്തിയതുമില്ല. 10 വർഷം മുന്നേ റിട്ടയർ ചെയ്തതായതിനാൽ 10 വർഷത്തെ അരിയർ ഉൾപ്പെടെ ഇപ്പോഴത്തെ സാഹചര്യത്തിൽ വലിയ തുക ലഭിക്കേണ്ടതായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ സംഘടനയുടെ ശ്രദ്ധയിൽ ഈ വിഷയം വരികയും ഇടപെട്ട് ശരിയാക്കുകയും ചെയ്തു. അടുത്ത ദിവസം തന്നെ തുക ലഭ്യമാകും.

6. ജീവനക്കാരിൽ ചിലർ സാമ്പത്തികമായ ബാധ്യതകൾ വരുത്തിയേക്കാവുന്ന Online games, trading activities തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായ വിഷയങ്ങൾ ഉണ്ടാവാറുണ്ട്. ഇത്തരം പരിപാടികളിൽ ഒരു കാരണവശാലും ഏർപ്പെടാൻ പാടില്ല. ജീവനക്കാർക്ക് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശം നിലവിൽത്തന്നെ ഉണ്ടെങ്കിലും ചിലർ പാലിക്കുന്നില്ല എന്നത് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരിപാടികളിൽ ആ രുംതന്നെ ഏർപ്പെടാൻ പാടില്ല എന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**09.01.2025**

# KGBEU OU ബുള്ളറ്റിൻ 02/2025

സഖാക്കളെ,

## വിഷയം: IT issues ചെയർപേഴ്സണുമായി ചർച്ച നടത്തി

നമ്മുടെ ബാങ്കിൽ കഴിഞ്ഞ കുറച്ചു നാളുകളായി IT സംബന്ധിച്ച് വലിയ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം സംഘടന വളരെ ശക്തമായ രീതിയിൽ മാനേജ്മെൻറ് മുമ്പാകെ അവതരിപ്പിക്കുകയും പ്രശ്നം പരിഹരിക്കാൻ സാധിക്കാത്ത പശ്ചാത്തലത്തിൽ സംഘടനയുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തതാണ്. ഈ വിഷയം adress ചെയ്യണം എന്നാവശ്യപ്പെട്ട് ചെയർപേഴ്സണു കത്തും (Letter ref: KGBEUOU/2/2025/IT dt 02.01.2025) നൽകുകയുമായി. തുടർന്ന് IT ജനറൽ മാനേജർ, ജനറൽ മാനേജർ ശ്രീ സുരേഷ് ബാബു, IT AGM എന്നിവരുമായി വെള്ളിയാഴ്ച (03.01.2025) ആഴത്തിലുള്ള ചർച്ച നടന്നു. പ്രതിഷേധം രേഖപ്പെടുത്തുന്നതോടൊപ്പം ചെയർപേഴ്സൺ ഉൾപ്പെടെയുള്ളവർ പ്രൊജക്റ്റ് ഓഫീസ് സന്ദർശിച്ച് പരിഹാരം കാണാനുള്ള ആത്മാർത്ഥമായ ഇടപെടൽ നടത്താത്തതിൽ മാനേജ്മെൻറ് ഭാഗത്ത് സംഭവിച്ച വീഴ്ചകൾ പൂർണ്ണമായും തുറന്നു കാട്ടുകയും ചെയ്തു. സംഘടനാ ഇടപെടലിനെത്തുടർന്ന് ചെയർപേഴ്സൺ പ്രൊജക്റ്റ് ഓഫീസ് സന്ദർശിക്കുകയും കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി Wipro (service provider) ഉന്നതാധികാരികളുമായി മീറ്റിംഗ് ചേരുകയും ചെയ്തു.

ഈ യോഗത്തിനു ശേഷം ഇന്നലെ ഹെഡ് ഓഫീസിൽ എത്തിയ ചെയർപേഴ്സണുമായി സംഘടന ചർച്ച നടത്തി. ചർച്ചയിലെ പ്രസക്തഭാഗങ്ങൾ ചുവടെ.

1. IT സംബന്ധിച്ച രൂക്ഷമായ പ്രശ്നങ്ങൾ, അതുമായി ബന്ധപ്പെട്ട് ഇടപാടുകാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ കഴിയാത്ത ജീവനക്കാരുടെ അവസ്ഥ, ഇതുമൂലം business നഷ്ടപ്പെടുന്ന സാഹചര്യം തുടങ്ങിയ വിഷയങ്ങൾ സംഘടന ചെയർപേഴ്സണെ ബോധ്യപ്പെടുത്തി. ചെയർപേഴ്സണു കാര്യങ്ങൾ പൂർണ്ണമായും ബോധ്യപ്പെട്ടു.
2. പ്രശ്നം എന്താണെന്ന കാര്യം മനസ്സിലാക്കി അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊതായി ചെയർപേഴ്സൺ സംഘടനയെ അറിയിച്ചു. Apex committee (ഇത്തരം

കാര്യങ്ങൾ ചർച്ച ചെയ്യുന്ന ഏറ്റവും ഉയർന്ന platform) ചേർന്ന് ആവശ്യമായ hardware വാങ്ങുന്നതിനു തീരുമാനമെടുത്ത കാര്യവും അറിയിച്ചു.

3. ഏറ്റവും അടിയന്തിരപ്രാധാന്യത്തോടെ മുന്നോട്ട് പോയാലും ആവശ്യമായ സാധനങ്ങൾ purchase ചെയ്യാൻ അൽപ്പം സമയം എടുത്തേക്കാം. അതു വരേക്കും Wipro യുടെ technical expertise ഉള്ള ജീവനക്കാരെ നിയോഗിച്ച് അതാത് സമയത്ത് വരുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ തീർക്കാൻ ഇടപെടും.

സംഘടന ഈ വിഷയത്തിൽ സജീവമായി ഇടപെട്ടു വരികയാണ്. കൃത്യമായ follow up നടത്തുകയും ചെയ്യുന്നുണ്ട്. നമുക്ക് നൽകിയ ഉറപ്പുകൾ പാലിക്കപ്പെടാത്തപക്ഷം ശക്തമായ പ്രക്ഷോഭത്തിലേക്ക് കടക്കാൻ സംഘടന നിർബന്ധിക്കപ്പെടും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**09.01.2025**

## KGBEU OU ബുള്ളറ്റിൻ 03/2025

സഖാക്കളെ,

## വിഷയം: ആശ്രിത നിയമനം 7 പേർ ജോയിൻ ചെയ്തു

നമ്മുടെ ബാങ്കിൽ നിന്നും മരണപ്പെട്ട 7 സഹപ്രവർത്തകരുടെ കുടുംബാംഗങ്ങൾക്ക് കൂടി നീതി ലഭിച്ചു. അതിന്റെ ഭാഗമായി ആശ്രിത നിയമനം വഴി ഏഴുപേർ ഇന്ന് നമ്മുടെ ബാങ്കിൽ ജോയിൻ ചെയ്തു. 2 പേർ OAST തസ്തികയിലും 5 പേർ OATD തസ്തികയിലും ആണ് ജോയിൻ ചെയ്തത്.

ഒരു വർഷം മുന്നേ നാലുപേർക്ക് ആശ്രിത നിയമനം വഴി ജോലി ലഭിച്ചിരുന്നു. രണ്ടു പതിറ്റാണ്ടുകാലം മുന്നേ നിരോധിക്കപ്പെട്ട ആശ്രിതനിയമനം പുനഃസ്ഥാപിക്കാൻ സംഘടനയുടെ നേതൃത്വത്തിൽ ദീർഘമായ പോരാട്ടം നടത്തുകയും 2019 ജനുവരി മാസം അത് നിയമം മൂലം പുനഃസ്ഥാപിക്കുകയും ചെയ്തു. എന്നാൽ അഞ്ചുവർഷത്തോളം ഒരു നിയമനവും നടത്താതെ മാനേജ്മെൻറ് മുന്നോട്ടുപോയപ്പോൾ അതിശക്തമായ പ്രക്ഷോഭങ്ങൾക്ക് സംഘടന തുടക്കംകുറിച്ചപ്പോഴാണ് നിയമനം നടത്താൻ മാനേജ്മെൻറ് കഴിഞ്ഞവർഷം തയ്യാറായത്. തുടർന്ന് കൃത്യമായ ഫോളോ അപ്പ് നടത്തുകയും അർഹരായ മുഴുവൻ ആളുകളെയും ബന്ധപ്പെട്ട് ആശ്രിത നിയമനത്തിന് വേണ്ട സൗകര്യങ്ങൾ ചെയ്യുകയും ചെയ്തു. അതിന്റെ ഭാഗമായാണ് ഇന്ന് ഏഴുപേർ നമ്മുടെ ബാങ്കിൽ ജോയിൻ ചെയ്തത്.

പല കൊമേഴ്സ്യൽ ബാങ്കുകളിലും ആശ്രിത നിയമനം വഴിമുട്ടി നിൽക്കുന്ന ഘട്ടത്തിലാണ് നമ്മുടെ ബാങ്കിൽ ഇന്ന് ഏഴുപേർക്ക് ആശ്രിത നിയമനം നൽകിയത്. അതിനായി നമ്മുടെ സംഘടന വിശ്രമരഹിതമായി പ്രവർത്തിക്കുമ്പോഴും ഇതരസംഘടനകളുടെ മൗനം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. നാം നടത്തിയ നിരന്തരമായ ഇടപെടലിൽ കൂടിയാണ് ഈ നിയമനം നമുക്ക് നേടിയെടുക്കാൻ സാധിച്ചത് എന്ന കാര്യം അഭിമാനത്തോടെ നമുക്ക് പറയാൻ കഴിയും. ഇനിയും കുറച്ചുപേർക്ക് കുടി നിയമനം നൽകാൻ ബാക്കിയുണ്ട്. തീർച്ചയായും സംഘടനയുടെ ലക്ഷ്യം അവരെ കൂടി സർവീസിൽ എത്തിക്കുക എന്നുള്ളതാണ്. അതിന് മുഴുവൻ സഖാക്കളുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. ഈ മുഹൂർത്തത്തിൽ മണ്മറഞ്ഞു പോയ സഹപ്രവർത്തകരുടെ ഓർമകൾക്ക് മുന്നിൽ അശ്രുപുഷ്പങ്ങൾ അർപ്പിക്കുന്നതോടൊപ്പം ഇന്ന് ജോയിൻ ചെയ്ത മുഴുവൻ പുതിയ ജീവനക്കാർക്കും അഭിവാദ്യങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ

**14.01.2025**

## KGBEU OU ബുള്ളറ്റിൻ 04/2025

സഖാക്കളെ,

## വിഷയം: GTLI ആദ്യഘട്ട ചർച്ച പൂർത്തിയായി

സംഘടന ദീർഘകാലമായി ഉന്നയിച്ചു വരികയായിരുന്ന GTLI (Group Term Life Insurance) സംബന്ധിച്ച ചർച്ച മാനേജ്മെന്റുമായി നടന്നു. നിലവിൽ EDLI സ്കീം പ്രകാരം 7 ലക്ഷം രൂപയാണ് ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നത്. അകാലത്തിൽ ദേഹവിയോഗം സംഭവിക്കുന്ന പശ്ചാത്തലത്തിൽ കുടുംബം വലിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്ന പരിതസ്ഥിതി പലപ്പോഴും നാം കാണാറുണ്ട്. അത്തരമൊരു പശ്ചാത്തലത്തിൽ GTLI സ്കീം പോലുള്ള പദ്ധതിയുടെ പ്രാധാന്യം വളരെ വലുതായതിനാലാണ് ജോയിന്റ് കോൺഫറൻസ് ഉൾപ്പെടെയുള്ള വേദികളിൽ സംഘടന ഈ ആവശ്യം ഉന്നയിക്കുകയും തത്വത്തിൽ ഇത് അംഗീകരിക്കുകയും ചെയ്തത്. ഓഫീസർ 20 ലക്ഷം, OAST 15 ലക്ഷം, OATD 10 ലക്ഷം എന്നിങ്ങനെയാണ് ആദ്യഘട്ടത്തിൽ നൽകാനുദ്ദേശിക്കുന്ന ഇൻഷുറൻസ് പരിരക്ഷ. തുടർ ചർച്ചകളിലൂടെ മുഴുവൻ ജീവനക്കാർക്കും ഉപകാരപ്രദമാകുന്ന തരത്തിൽ GTLI നടപ്പിലാക്കാൻ കഴിയും എന്നാണ് നാം കരുതുന്നത്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**15.01.2025**

# KGBEU OU ബുള്ളറ്റിൻ 05/2025

സഖാക്കളെ,

## വിഷയം: PLI അരിയർ

12th BPS/ 9th Joint note പ്രകാരം ഉള്ള ശമ്പളവർദ്ധനവിന് ആനുപാതികമായി PLI യുടെ അരിയർ ലഭിക്കേതുണ്ട്. എത്രയും പെട്ടെന്ന് ലഭ്യമാക്കണം എന്ന് സംഘടന മാനേജ്മെന്റുമായി സംസാരിക്കുകയും follow up ചെയ്തു വരികയുമാണ്. ഈ മാസത്തെ ശമ്പളത്തോടൊപ്പം നൽകാം എന്ന ഉറപ്പ് നമുക്ക് ലഭിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**20.01.2025**

# KGBEU OU ബുള്ളറ്റിൻ 06/2025

സഖാക്കളെ,

## വിഷയം: ചെയർമാൻസ് ക്ലബ്ബ് പരിപാടി  മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തണം എന്ന ആവശ്യം

ചെയർമാൻസ് ക്ലബ്ബിലേക്ക് ബ്രാഞ്ചുകളെ തെരഞ്ഞെടുക്കുകയും അതിന്റെ പേരിൽ നടത്തിയ പരിപാടിയിൽ ബ്രാഞ്ച് മാനേജർമാരെ മാത്രം പങ്കെടുപ്പിക്കുകയും ചെയ്ത കാര്യം അറിഞ്ഞു കാണുമല്ലോ. അതിന്മേൽ നമ്മുടെ സംഘടന കത്ത് നൽകുകയും മുഴുവൻ ജീവനക്കാരെയും ഇത്തരം പരിപാടികളിൽ പങ്കെടുപ്പിക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

അതിന്റെ ഭാഗമായി അടുത്ത വർഷം മുതൽ ഇത്തരം പരിപാടികളിൽ മുഴുവൻ ജീവനക്കാരെയും പങ്കെടുപ്പിക്കും എന്നും ഈ വർഷം ചെയർമാൻസ് ക്ലബ്ബിൽ ഉൾപ്പെട്ടിട്ടുള്ള ബ്രാഞ്ചുകളിലെ ജീവനക്കാർക്ക് certificate of merit നൽകും എന്നും സംഘടനയ്ക്ക് രേഖാമൂലം ഉറപ്പ് നൽകിയിട്ടുണ്ട്.

ജനറൽ സെക്രട്ടറി<br>
KGB എംപ്ലോയീസ് യൂണിയൻ<br>
KGB ഓഫീസേഴ്സ് യൂണിയൻ

**28.01.2025**

# KGBEU OU ബുള്ളറ്റിൻ 07/2025

സഖാക്കളെ,

## വിഷയം: Latest updations

1. Income tax on perquisite വിഷയം ജീവനക്കാരെ വലിയ രീതിയിൽ സാമ്പത്തികമായി ബുദ്ധിമുട്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ ബാധ്യത ബാങ്ക് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് ദേശീയതലത്തിൽ AIRRBEA ഇടപെട്ടു വരികയാണ്. ഇതുമായി ബന്ധപ്പെട്ട് KGB ഉൾപ്പെടെ മുഴുവൻ ചെയർപേഴ്സൺമാർക്കും കത്ത് നൽകിയിട്ടുണ്ട്. അതിനാവശ്യമായ ഫോളോ അപ്പ് പ്രവർത്തനം നടന്നുവരികയാണ്.

2. 12th BPS പ്രകാരം workmen വിഭാഗത്തിൽപെടുന്ന ജീവനക്കാർക്ക് lodging expense ഭേദപ്പെട്ട നിലയ്ക്ക് വർദ്ധിപ്പിച്ച് ലഭിച്ചിട്ടുണ്ട്. ആയതിനാൽ ട്രെയിനിങ് ഉൾപ്പെടെയുള്ള സന്ദർഭങ്ങളിൽ depute ചെയ്യപ്പെടുമ്പോൾ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ഈ ആവശ്യം ഉപയോഗപ്പെടുത്താവുന്നതാണ്. അടുത്ത ഡെപ്യൂട്ടേഷൻ ഉത്തരവിൽ ഈ കാര്യം പ്രത്യേകമായി കാണിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

3. Invalid PAN card ഹോൾഡർമാരായ ഇടപാടുകാരുടെ tax deduct ചെയ്യുന്നത് SL 120 വഴിയാണ്. ഇത് തിരുത്തണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകുകയും ചർച്ച നടത്തുകയും ചെയ്തിരുന്നു. അനുകൂലമായ പ്രതികരണം സംഘടനയ്ക്ക് ലഭിച്ചിട്ടുണ്ട്.

4. പുതിയ കരാർപ്രകാരം LFC അരിയർ ലഭിക്കാനുള്ളവർക്ക് ഉടൻ നൽകണമെന്ന് ആവശ്യപ്പെടുകയും follow up ചെയ്തു വരികയുമാണ്. അധികം താമസിയാതെ അർഹരായവർക്ക് നൽകും എന്ന് മാനേജ്മെന്റ് ഉറപ്പു നൽകിയിട്ടുണ്ട്.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ

**07.02.2025**

## KGBEU OU ബുള്ളറ്റിൻ 08/2025

സഖാക്കളെ,

## വിഷയം: ഗ്രാമീണ ബാങ്ക് രൂപീകരണം അമ്പതാം വാർഷികം തപാൽ വകുപ്പ് സ്പെഷ്യൽ കവർ പുറത്തിറക്കി

ഗ്രാമീണ ബാങ്ക് രൂപീകരണത്തിന്റെ അമ്പതാം വാർഷികം പ്രമാണിച്ച് തപാൽ വകുപ്പ് സ്പെഷ്യൽ കവർ പുറത്തിറക്കി. ആൾ ഇന്ത്യ റീജിയണൽ റൂറൽ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ (AIRRBEA) സമ്മേളന നഗരിയിൽ ബെല്ലാരി ഡിവിഷൻ പോസ്റ്റൽ വിഭാഗം തലവൻ പി ചിദാനന്ദ അഖിലേന്ത്യാ പ്രസിഡ് സി രാജീവന് കൈമാറിയാണ് ഉദ്ഘാടനം നിർവഹിച്ചത്. ഗ്രാമീണ ബാങ്ക് ജീവനക്കാരിൽ എഴുപത് ശതമാനത്തിലധികം പേരെ പ്രതിനിധീകരിക്കുന്ന AIRRBEA സംഘടനയുടെ ഔദ്യോഗിക വേദിയിൽ പോസ്റ്റൽ വകുപ്പ് പുറത്തിറക്കുന്ന സ്പെഷ്യൽ കവർ പ്രകാശിപ്പിച്ചത് നമുക്ക് ലഭിക്കുന്ന അംഗീകാരം കൂടിയാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

12.02.2025

# KGBEU OU ബുള്ളറ്റിൻ 09/2025

സഖാക്കളെ,

## വിഷയം: Nomination pendency issue

നോമിനേഷൻ pendency ബ്രാഞ്ചുകളുടെ പ്രവർത്തനത്തെ സാരമായ രീതിയിൽ ബാധിച്ചു കൊിരിക്കുകയാണ്. ഒരുതരത്തിലും അംഗീകരിക്കാൻ പറ്റാത്ത തരത്തിലാണ് നിത്യേന day end process ൽ ഇത് ഉൾപ്പെടുത്തുന്നത്. മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെ ജീവനക്കാരെക്കൊണ്ട് ചെയ്യിച്ച് ഭാവിയിൽ ഇതിന്റെ പ്രത്യാഘാതം ജീവനക്കാരുടെ തലയിൽ വരുന്ന രീതിയിൽ ആണ് ഇത് മുന്നോട്ട് പോകുന്നത്. ഇതിനെതിരെ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ചെയർപേഴ്സണു കത്ത് നൽകുകയും മാനേജ്മെന്റുമായി സംസാരിക്കുകയും ചെയ്തു.

Nomination pending ഉള്ള മുഴുവൻ ഇടപാടുകാരെയും ഹെഡ് ഓഫീസിൽ നിന്നും നേരിട്ട് വിവരം അറിയിക്കണം എന്നും നോമിനേഷൻ വെക്കണം എന്ന് ആവശ്യപ്പെടുന്ന ഇടപാടുകാരൊഴിച്ച് ബാക്കിയുള്ള ഇടപാടുകാരെ nomination ആവശ്യമില്ലാത്ത ഗണത്തിൽപ്പെടുത്തി ജീവനക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കണം എന്ന നിർദേശമാണ് സംഘടന മുന്നോട്ട് വച്ചത്. ബാക്കി വിവരങ്ങൾ വഴിയേ അറിയിക്കും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**13.02.2025**

## KGBEU OU ബുള്ളറ്റിൻ 10/2025

സഖാക്കളെ,

## വിഷയം: Staff health insurance  top up facility

ജീവനക്കാരുടെ ഹെൽത്ത് ഇൻഷുറൻസ് പുതുക്കാനുള്ള സമയം ആയിരിക്കുകയാണ്. Top up facility ചെയ്യാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 19ന് അക്കൗിൽ അതിനാവശ്യമായ പ്രീമിയം തുക maintain ചെയ്യണമെന്നാണ് HR memo വഴി അറിയിച്ചിരിക്കുന്നത്. മാസത്തിന്റെ അവസാന നാളുകളിലേക്ക് കടക്കുമ്പോൾ എല്ലാവരുടെയും അക്കൗിൽ ഈ തുക maintain ചെയ്യാൻ ബുദ്ധിമുട്ടാണ്. ആയതിനാൽ ശമ്പള ദിവസം വരെ ഇതിന് സാവകാശം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ചെയർപേഴ്സണു കത്ത് നൽകുകയും ഈ വിഷയം സംസാരിക്കുകയും ചെയ്തു.

Top up facility ഉപയോഗപ്പെടുത്തുന്നത് വലിയ മെഡിക്കൽ റിസ്കിൽ നിന്നും ഒഴിവാക്കാൻ ഉപകരിക്കും എന്നതിനാൽ മുഴുവൻ ജീവനക്കാരും ഈ സൗകര്യം പ്രയോജനപ്പെടുത്തണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**14.02.2025**

## KGBEU OU ബുള്ളറ്റിൻ 11/2025

സഖാക്കളെ,

## വിഷയം: Dependent details updation & verification  most urgent

സ്റ്റാഫ് ഹെൽത്ത് ഇൻഷുറൻസ് പുതുക്കുന്നതിന് മുന്നോടിയായി dependent details update ചെയ്യണം. അത് യൂണിറ്റ് ഹെഡ് (ബ്രാഞ്ച് മാനേജർ or റീജിയണൽ മാനേജർ or വിംഗ് ഹെഡ്) verify ചെയ്യുകയും വേണം. മുഴുവൻ ജീവനക്കാരും തങ്ങളുടെ dependent details സ്റ്റാഫ് മൊഡ്യൂളിൽ MIFD മെനുവിൽ update ചെയ്തു എന്നും തുടർന്ന് തങ്ങളുടെ യൂണിറ്റ് ഹെഡ് verify ചെയ്തു എന്നും ഉറപ്പ് വരുത്തണം. ഇതിനു top priority നൽകണം. സംഘടനാ ഭേദമന്യേ എല്ലാവരിലും ഈ സന്ദേശം എത്തിക്കണം എന്നും അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

18.02.2025

# KGBEU OU ബുള്ളറ്റിൻ 12/2025

സഖാക്കളെ,

## വിഷയം: GTLI (Group Term Life Insurance) അംഗീകരിച്ചു

സംഘടന ദീർഘനാളായി ഉന്നയിച്ചു കൊണ്ടിരിക്കുന്ന വിഷയമാണ് GTLI (Group Term Life Insurance) നടപ്പിലാക്കണം എന്നത്. ജോയിന്റ് കോൺഫറൻസ് വഴിയും ഉന്നയിച്ച് follow up നടത്തി വരികയായിരുന്നു. തുടർന്ന് കഴിഞ്ഞ ബോർഡ് മീറ്റിംഗിൽ GTLI അംഗീകരിച്ചതായി നമുക്ക് വിവരം ലഭിച്ചു. ഓഫീസർ 20 ലക്ഷം, OAST 15 ലക്ഷം, OATD 10 ലക്ഷം എന്ന തോതിലാണ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുക. വിശദ വിവരങ്ങൾ പിന്നീട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ

**18.02.2025**

# KGBEU OU ബുള്ളറ്റിൻ 13/2025

സഖാക്കളെ,

## വിഷയം: Nomination pendency issue  follow up

Nomination pendency ബ്രാഞ്ചുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന വിവരം സംബന്ധിച്ച് ചെയർപേഴ്സണു നൽകിയ കത്തും മാനേജ്മെന്റുമായി നടന്ന ചർച്ചയും ബുള്ളറ്റിൻ 9/2025 വഴി ജീവനക്കാരെ അറിയിച്ചിരുന്നു. ഈ വിഷയം follow up ചെയ്തു വരികയാണ്. സംഘടന ആവശ്യപ്പെട്ടത് പ്രകാരമുള്ള പരിഹാര നടപടി ഉടൻ കൈക്കൊള്ളും എന്ന ഉറപ്പ് നമുക്ക് ലഭിച്ചു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ